ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത പ്രവൃത്തികളുടെ നടത്തിപ്പിനായി മണ്ണ് പരിശോധനയും സൂക്ചറൽ ഡിസൈനും ആവശ്യമായതിനാൽ മാനേജർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം മുഖാന്തരം അപ്രൂവ്ഡ് സൂക്ചറൽ ഡിസൈനും മണ്ണ് പരിശോധനയും നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കുടുംബശ്രീ പ്രവർത്തകർക്കായുള്ള പെൻഷൻ പദ്ധതി

264 (1636) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കുടുംബശ്രീ പ്രവർത്തകർക്കായുള്ള പെൻഷൻ പദ്ധതി എന്ന് മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) പദ്ധതിക്കായുള്ള നടപടി ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ ;

(സി) കുടുംബശ്രീ അംഗങ്ങൾക്കുള്ള 'കാരുണ്യശ്രീ' പദ്ധതി പ്രകാരം എത്ര പേർക്ക് സഹായം ലഭ്യമാക്കിയെന്ന് പറയാമോ ?

ഉത്തരം

(എ) കുടുംബശ്രീ പ്രവർത്തകർക്കായുള്ള പെൻഷൻ പദ്ധതി എന്നു മുതൽ തുടങ്ങണമെന്ന് തീരുമാനമായിട്ടില്ല.

(ബി) കുടുംബശ്രീ പ്രവർത്തകർക്കായുള്ള പെൻഷൻ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയും ആദ്യ പടിയായി പലവിധ പെൻഷൻ പദ്ധതികളെക്കുറിച്ച് ഒരു പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പെൻഷൻ പദ്ധതി നടപ്പിലാക്കാനാവശ്യമായ ഫണ്ട് സംബന്ധിച്ചുള്ള ചർച്ചകൾ നടന്നു വരുന്നു.

(സി) കുടുംബശ്രീ പ്രവർത്തകർക്ക് ജീവിതത്തിൽ അപ്രതീക്ഷിതമായി നേരിടേണ്ടിവരുന്ന അത്യാഹിതങ്ങളിൽ കൈത്താങ്ങാവുന്നതിനുവേണ്ടിയും അശരണർ,

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മാറാരോഗികൾ എന്നിവരെ ഉദ്ദേശിച്ചുകൊണ്ടും തൃശ്ശൂർ ജില്ലയിലെ കുടുംബശ്രീ സി.ഡി.എസ്സുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കിയിരുന്ന പരിപാടിയാണ് കാരുണ്യശ്രീ. കുടുംബശ്രീ സി.ഡി.എസ്സുകൾ അവരുടെ പ്രതിവാര ത്രിഫ്റ്റ് സംഖ്യയോടൊപ്പം കുറഞ്ഞത് 1 രൂപ നിരക്കിൽ ശേഖരിച്ചാണ് ഇതിനുള്ള ഫണ്ട് കണ്ടെത്തിയിരുന്നത്. ഇത് കുടുംബശ്രീ മിഷൻ നേരിട്ട് നടത്തുന്ന പദ്ധതിയല്ല.

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ എൽ.എ.സി എ.ഡി.എസ്.-ൽ ഉൾപ്പെടുന്ന പ്രവൃത്തികൾ

265 (1638) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് ആറ്റിങ്ങൽ നിയമസഭാ മണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് 2013-14, 2014-15, 2015-16 വർഷങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾ നടപ്പിൽവരുത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ, മറ്റ് പ്രവൃത്തികൾ എന്നിവ തിരിച്ച് വിശദമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിയും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ 2013-14, 2014-15, 2015-16 വർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

പ്ലാൻഫണ്ട് ചെലവ്

266 (1639) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പ്ലാൻഫണ്ട് ചെലവ് മുൻ വർഷങ്ങളെ അപേക്ഷിച്ച് ഗണ്യമായി കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly